''ഭരണഭാഷ - മാതൃഭാഷ''

**വളരെ അടിയന്തിരം**

## വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി4/18795/2016

ചാക്ക, തിരുവനന്തപുരം
തീയതി: 19.10.2016

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പരീക്ഷാ വിഭാഗം- എസ്.സി.വി.ടി. ട്രേഡ് ടെസ്റ്റ് - ബ്ലാങ്ക് എസ്.ടി.സി. സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് വിശദാംശം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ട്രെയിനിംഗ് ഡെപ്യൂട്ടി ഡയറക്ടറുടെ 19-10-2016 ലെ നിർദ്ദേശം.

------

എസ്.സി.വി.ടി. ട്രേഡ് ടെസ്റ്റിൽ 2013 വർഷം മുതൽ നടപ്പിലാക്കിയ സെമസ്റ്റർ സമ്പ്രദായത്തിൽ പരീക്ഷയെഴുതി വിജയിച്ച ട്രെയിനികളുടെ കൺസോളിഡേറ്റഡ് ബി ഫോം ബന്ധപ്പെട്ട ഐ.ടി.ഐ. സ്ഥാപനങ്ങൾക്ക് www.itd.kerala.org എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സെമസ്റ്റർ പരീക്ഷകൾ പൂർണ്ണമായി വിജയിച്ച ട്രെയിനികൾക്ക് ബ്ലാങ്ക് എസ്.റ്റി.സി. സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് വിജയിച്ച ട്രെയിനികളുടെ വിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൊഫോർമയിൽ തയ്യാറാക്കി ബന്ധപ്പെട്ട കൺസോളിഡേറ്റഡ് ബി ഫോമിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ 27-10-2016 തീയതിയ്ക്കകം പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജയിച്ച ട്രെയിനികൾക്ക് സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം നടത്തേണ്ടതിനാൽ ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾ ടി വിഷയത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ട്രെയിംനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

എസ്സ്/19.10

## പ്രൊഫോർമ

**എസ്.സി.വി.ടി. (സെമസ്റ്റർ) ട്രേഡ് ടെസ്റ്റ് പൂർണ്ണമായി വിജയിച്ച ട്രെയിനികൾക്ക് വിതരണം നടത്തുന്നതിന് വേണ്ടി ആവശ്യമുള്ള ബ്ലാങ്ക് എസ്.ടി.സി. കളുടെ വിവരങ്ങൾ**

സ്ഥാപനത്തിന്റെ പേര്:-

| ക്രമ നം. | സെമസ്റ്റർ പരീക്ഷ പൂർണ്ണമായി വിജയിച്ച ട്രേഡ് ടെസ്റ്റ് നടന്ന വർഷം/മാസം | ട്രേഡ് | പൂർണ്ണമായി വിജയിച്ച ട്രെയിനികളുടെ എണ്ണം | അനുവദിക്കേണ്ട ബ്ലാങ്ക് എസ്.റ്റി.സി. കളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | | | |

പ്രിൻസിപ്പാൾ

എസ്സ്/